**മധുരമായ കുട്ടികളെ - നിങ്ങൾക്ക് ബാബയ്ക്ക് സമാനം ഈശ്വരീയ സേവകരാകണം, സംഗമത്തിൽ ബാബ വരുന്നത് നിങ്ങൾ കുട്ടികളുടെ സേവനം ചെയ്യുന്നതിനാണ്**

**ചോദ്യം:-** ഈ പുരുഷോത്തമ സംഗമയുഗം തന്നെയാണ് ഏറ്റവും മനോഹരവും മംഗളകാരിയുമായിട്ടുള്ളത് - എങ്ങനെ?

**ഉത്തരം:-** ഈ സമയത്താണ് നിങ്ങൾ കുട്ടികൾ സ്ത്രീയും പുരുഷനും രണ്ടു പേരും ഉത്തമരാകുന്നത്. ഈ സംഗമയുഗം കലിയുഗ അവസാനത്തിന്റെയും സത്യയുഗ ആരംഭത്തിന്റെയും ഇടയിലുള്ള സമയമാണ്. ഈ സമയത്ത് മാത്രമാണ് ബാബ നിങ്ങൾ കുട്ടികൾക്കായി ഈശ്വരീയ യൂണിവേഴ്സിറ്റി തുറക്കുന്നത്, അവിടെ നിങ്ങൾ മനുഷ്യനിൽ നിന്ന് ദേവതയാകുന്നു. മുഴുവൻ കൽപത്തിലും ഇങ്ങനെയുള്ള യൂണിവേഴ്സിറ്റി ഒരിക്കലും ഉണ്ടാകില്ല. ഈ സമയത്താണ് എല്ലാവരുടെയും സദ്ഗതി ഉണ്ടാകുന്നത്.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്കിരുന്ന് മനസ്സിലാക്കി തരുന്നു. ഇവിടെ ഇരിക്കെ-ഇരിക്കെ നിങ്ങൾ ബാബയെ ഓർമ്മിക്കുന്നു എന്തുകൊണ്ടെന്നാൽ ബാബ പതിത പാവനനാണ്, ബാബയെ ഓർമ്മിച്ച് തന്നെ പാവനം സതോപ്രധാനമാകണം ഇതാണ് നിങ്ങളുടെ ലക്ഷ്യം. സതോവരെയല്ല നിങ്ങളുടെ ലക്ഷ്യം. സതോപ്രധാനമാകണം അതുകൊണ്ട് ബാബയെയും തീർച്ചയായും ഓർമ്മിക്കണം പിന്നീട് മധുരമായ വീടിനെയും ഓർമ്മിക്കണം എന്തുകൊണ്ടെന്നാൽ അവിടേക്ക് പോകണം പിന്നീട് വസ്തു-വകകളും വേണം അതുകൊണ്ട് തന്റെ സ്വർഗ്ഗധാമത്തെയും ഓർമ്മിക്കണം എന്തുകൊണ്ടെന്നാൽ അത് പ്രാപ്തിയാണ്. കുട്ടികൾക്കറിയാം, നമ്മൾ ബാബയുടെ കുട്ടികളായിരിക്കുന്നു, തീർത്തും നമ്മൾ ബാബയിൽ നിന്ന് പഠിപ്പ് നേടി സ്വർഗ്ഗത്തിലേക്ക് പോകും - നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച്. ബാക്കി ഏതെല്ലാം ജീവാത്മാക്കളാണോ ഉള്ളത് അവർ ശാന്തിധാമത്തിലേക്ക് പോകും. വീട്ടിലേക്ക് തീർച്ചയായും പോകണം. കുട്ടികൾ ഇതും അറിഞ്ഞിരിക്കുന്നു, ഇത് രാവണ രാജ്യമാണ്. ഇതിന്റെ ആഭിമുഖ്യത്തോടെ പിന്നീട് സത്യയുഗത്തിന് രാമ രാജ്യമെന്ന് പേര് നൽകുന്നു. രണ്ട് കല കുറയുന്നു. അവരെ സൂര്യവംശി, ഇവരെ ചന്ദ്രവംശിയെന്നും പറയുന്നു. ഏതുപോലെയാണോ ക്രിസ്ത്യൻസിന്റെ വംശം ഒന്നുമാത്രമായി നടക്കുന്നത്, അതുപോലെ ഇതും ഒരൊറ്റ വംശമാണ്. എന്നാൽ അതിൽ സൂര്യവംശിയും ചന്ദ്രവംശിയുമുണ്ട്. ഈ കാര്യങ്ങൾ ഒരു ശാസ്ത്രത്തിലും ഇല്ല. ബാബയിരുന്നു മനസ്സിലാക്കി തരുന്നു, ഇതിനെ തന്നെയാണ് ജ്ഞാനം അഥവാ നോളജ് എന്ന് പറയുന്നത്. സ്വർഗ്ഗം സ്ഥാപിക്കപ്പെട്ട് കഴിഞ്ഞാൽ പിന്നെ ജ്ഞാനത്തിന്റെ ആവശ്യമില്ല. ഈ ജ്ഞാനം കുട്ടികൾക്ക് പുരുഷോത്തമ സംഗമയുഗത്തിൽ മാത്രമാണ് പഠിപ്പിച്ച് തരുന്നത്. നിങ്ങളുടെ സെന്ററുകളിൽ അല്ലെങ്കിൽ മ്യൂസിയങ്ങളിൽ വളരെ വലിയ-വലിയ അക്ഷരങ്ങളിൽ എഴുതിയിട്ടുണ്ട് സഹോദരികളെ, സഹോദരൻമാരെ ഇത് പുരുഷോത്തമ സംഗമയുഗമാണ്, ഇത് ഒരേഒരു പ്രാവശ്യമാണ് വരുന്നത്. പുരുഷോത്തമ സംഗമയുഗത്തിന്റെ അർത്ഥവും മനസ്സിലാകുന്നില്ലെങ്കിൽ ഇതും എഴുതണം- കലിയുഗ അന്ത്യത്തിന്റെയും സത്യയുഗ ആരംഭത്തിന്റെയും സംഗമം. അപ്പോൾ സംഗമയുഗം ഏറ്റവും മനോഹരവും, മംഗളകാരിയുമായി തീരുന്നു. ബാബയും പറയുന്നു ഞാൻ പുരുഷോത്തമ സംഗമയുഗത്തിൽ മാത്രമാണ് വരുന്നത്. അപ്പോൾ സംഗമയുഗത്തിന്റെ അർത്ഥവും മനസ്സിലാക്കി തന്നിട്ടുണ്ട്. വേശ്യാലയത്തിന്റെ അന്ത്യം, ശിവാലയത്തിന്റെ ആരംഭം- ഇതിനെയാണ് പറയുന്നത് പുരുഷോത്തമ സംഗമയുഗം. ഇവിടെ എല്ലാവരും വികാരികളാണ്, അവിടെ എല്ലാവരും നിർവ്വികാരികളാണ്. അപ്പോൾ ഉത്തമരെന്ന് തീർച്ചയായും നിർവ്വികാരികളെയല്ലേ പറയുക. പുരുഷനും സ്ത്രീയും രണ്ടു പേരും ഉത്തമരാകുന്നു അതുകൊണ്ടാണ് പേര് തന്നെ പുരുഷോത്തമം. ബാബയ്ക്കും നിങ്ങൾ കുട്ടികൾക്കുമല്ലാതെ ഈ കാര്യങ്ങൾ അതായത് ഇത് സംഗമയുഗമാണെന്ന് ആർക്കും തന്നെ അറിയില്ല. ആരുടെയും ചിന്തയിൽ പോലും വരുന്നില്ല അതായത് പുരുഷോത്തമ സംഗമയുഗം എപ്പോഴാണ് വരുന്നത്. ഇപ്പോൾ ബാബ വന്നിരിക്കുന്നു, ബാബയാണ് മനുഷ്യ സൃഷ്ടിയുടെ ബീജരൂപൻ. ബാബയ്ക്ക് തന്നെയാണ് ഇത്രയും മഹിമയുള്ളത്, ജ്ഞാനത്തിന്റെ സാഗരനാണ്, ആനന്ദത്തിന്റെ സാഗരനാണ്, പതിത പാവനനാണ്. ജ്ഞാനത്തിലൂടെ സദ്ഗതി ചെയ്യുന്നു. ഇങ്ങനെ നിങ്ങൾ ഒരിക്കലും പറയില്ല അതായത് ഭക്തിയിലൂടെ സദ്ഗതിയെന്ന്. ജ്ഞാനത്തിലൂടെയാണ് സദ്ഗതി ഉണ്ടാകുന്നത് ഇനി സദ്ഗതി ഉള്ളത് സത്യയുഗത്തിൽ മാത്രമാണ്. അപ്പോൾ തീർച്ചയായും കലിയുഗത്തിന്റെ അന്ത്യത്തിന്റെയും സത്യയുഗ ആദിയുടെയും സംഗമത്തിൽ വരും. എത്ര വ്യക്തമായാണ് ബാബ മനസ്സിലാക്കി തരുന്നത്. പുതിയവരും വരുന്നുണ്ട്, അതുപോലെ തന്നെ ഏതുപോലെയാണോ കൽപ-കൽപം വന്നത്, വന്നുകൊണ്ടേയിരിക്കുന്നുണ്ട്. രാജധാനി ഇങ്ങനെ തന്നെ സ്ഥാപിതമാകണം. നിങ്ങൾ കുട്ടികൾക്കറിയാം- നമ്മൾ സത്യം-സത്യമായ ഈശ്വരീയ സേവകരാണ്. ഒരാളെയല്ല പഠിപ്പിക്കുക. ഒരാൾ പഠിക്കുന്നു പിന്നീട് അവരിലൂടെ നിങ്ങൾ പഠിച്ച് മറ്റുള്ളവരെ പഠിപ്പിക്കുന്നു അതു

കൊണ്ട് ഇവിടെ ഈ വലിയ യൂണിവേഴ്സിറ്റി തുറക്കേണ്ടി വരുന്നു. മുഴുവൻ ലോകത്തിലും വേറൊരു യൂണിവേഴ്സിറ്റിയേ ഇല്ല. ഈശ്വരീയ യൂണിവേഴ്സിറ്റിയും ഉണ്ടെന്ന കാര്യം ലോകത്തിലാരും അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം – ഗീതയുടെ ഭഗവാൻ വന്ന് ഈ യൂണിവേഴ്സിറ്റി തുറക്കുന്നു. പുതിയ ലോകത്തിന്റെ അധികാരി ദേവീ–ദേവതയാക്കുന്നു. ഈ സമയത്ത് ഏതൊരാത്മാവാണോ തമോപ്രധാനമായിരിക്കുന്നത് വീണ്ടും അതിന് തന്നെ സതോപ്രധാനമാക്കണം. ഈ സമയം എല്ലാവരും തമോപ്രധാനമല്ലേ. ഇനി പല കുമാരൻമാരും പവിത്രമായി കഴിയുന്നുണ്ട്, കുമാരിമാരും പവിത്രമായി കഴിയുന്നുണ്ട്, സന്യാസിയും പവിത്രമായി കഴിയുന്നുണ്ട് എങ്കിലും ഇന്നത്തെ കാലത്ത് അത് പവിത്രതയല്ല. ആദ്യമാദ്യം എപ്പോഴാണോ ആത്മാക്കൾ വരുന്നത്, അവർ പവിത്രമായിരിക്കും. പിന്നീട് അപവിത്രമായി തീരുന്നു എന്തുകൊണ്ടെന്നാൽ നിങ്ങൾക്കറിയാം സതോപ്രധാനം, സതോ, രജോ, തമോയിലൂടെ എല്ലാവർക്കും കടന്നുപോകേണ്ടതായുണ്ട്. അന്തിമത്തിൽ എല്ലാവരും തമോപ്രധാനമായി തീരുന്നു. ഇപ്പോൾ ബാബ സന്മുഖത്തിരുന്ന് മനസ്സിലാക്കി തരുന്നു – ഈ വൃക്ഷം തമോപ്രധാന ജീർണ്ണാവസ്ഥ പ്രാപിച്ചിരിക്കുന്നു, പഴയതായിരിക്കുന്നു അതുകൊണ്ട് തീർച്ചയായും ഇതിന്റെ വിനാശം സംഭവിക്കണം. ഇതാണ് വൈവിദ്ധ്യമാർന്ന ധർമ്മങ്ങളുടെ വൃക്ഷം, അതുകൊണ്ടാണ് പറയുന്നത് വിരാട ലീല. എത്ര വലിയ പരിധിയില്ലാത്ത വൃക്ഷമാണ്. സാധാരണ വൃക്ഷം അത് ജഡമാണ്, ഏതു വിത്തിട്ടോ ആ വൃക്ഷം വരുന്നു. ഇതാണ് പിന്നീടുള്ള വൈവിദ്ധ്യമാർന്ന ധർമ്മങ്ങളുടെ വൈവിദ്ധ്യമാർന്ന രൂപം. എല്ലാം മനുഷ്യരാണ്, എന്നാൽ അതിൽ വൈവിദ്ധ്യം ധാരാളമാണ്, അതുകൊണ്ടാണ് വിരാട ലീലയെന്ന് പറയുന്നത്. എല്ലാ ധർമ്മങ്ങളും എങ്ങനെയാണ് നമ്പറനുസരിച്ച് വരുന്നത്, ഇതും നിങ്ങൾക്കറിയാം. എല്ലാവർക്കും പോകണം വീണ്ടും വരണം. ഈ നാടകം ഉണ്ടാക്കിയിട്ടുള്ളതാണ്. അതും അദ്ഭുകരമായ നാടകം. അദ്ഭുതം ഇതാണ് ഇത്രയും ചെറിയ ആത്മാവിൽ അല്ലെങ്കിൽ പരമാത്മാവിൽ എത്ര പാർട്ടാണ് അടങ്ങിയിരിക്കുന്നത്. പരമം–ആത്മാവ് രണ്ടും ചേർത്ത് പരമാത്മാവെന്ന് പറയുന്നു. നിങ്ങൾ അവരെ ബാബയെന്ന് പറയുന്നു എന്തുകൊണ്ടെന്നാൽ എല്ലാ ആത്മാക്കളുടെയും പരമമായ പിതാവല്ലേ. കുട്ടികൾക്കറിയാം ആത്മാവ് തന്നെയാണ് എല്ലാ പാർട്ടും അഭിനയിക്കുന്നത്. മനുഷ്യർ ഇതറിയുന്നില്ല. അവർ പറയുന്നത് ആത്മാവ് നിർലേപമെന്നാണ്. വാസ്തവത്തിൽ ഈ അക്ഷരം തെറ്റാണ്. ഇതും വലിയ–വലിയ അക്ഷരത്തിൽ എഴുതണം – ആത്മാവ് നിർലേപമല്ല. ആത്മാവ് തന്നെയാണ് ഏതേത് നല്ലതോ മോശമോ ആയ കർമ്മം ചെയ്യുന്നത് അതുപോലെ അത് ഫലം നേടുന്നു. മോശം സംസ്ക്കാരങ്ങളിലൂടെ പതിതമായി തീരുന്നു, അപ്പോഴാണ് ദേവതകളുടെ അടുത്ത് പോയി അവരുടെ മഹിമ പാടുന്നത്. ഇപ്പോൾ നിങ്ങൾ 84 ജന്മങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കുന്നു, മറ്റൊരു മനുഷ്യനും അറിയുന്നില്ല. നിങ്ങൾ അവർക്ക് 84 ജന്മം തെളിയിച്ച് പറഞ്ഞുകൊടുക്കുമ്പോൾ പറയുന്നു – എന്താ ശാസ്ത്രങ്ങളെല്ലാം അസത്യമാണോ? എന്തുകൊണ്ടെന്നാൽ കേട്ടിട്ടുണ്ട് മനുഷ്യൻ 84 ലക്ഷം ജന്മങ്ങൾ എടുക്കുന്നുണ്ടെന്ന്. ഇപ്പോൾ ബാബയിരുന്ന് മനസ്സിലാക്കി തരുന്നു വാസ്തവത്തിൽ സർവ്വ ശാത്രങ്ങളുടെയും ശിരോമണീ ഗീത തന്നെയാണ്. ബാബ ഇപ്പോൾ നമ്മളെ രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, അത് അയ്യായിരം വർഷങ്ങൾക്ക് മുൻപ് പഠിപ്പിച്ചിട്ടുണ്ടായിരുന്നു.

നിങ്ങൾക്കറിയാം നമ്മൾ പവിത്രമായിരുന്നു, പവിത്ര ഗൃഹസ്ഥ ധർമ്മമായിരുന്നു. ഇപ്പോൾ ഇതിനെ ധർമ്മമെന്ന് പറയില്ല. അധർമ്മികളായിരിക്കുന്നു അർത്ഥം വികാരികളായിരിക്കുന്നു. ഈ കളിയെ നിങ്ങൾ കുട്ടികൾ മനസ്സിലാക്കിയിരിക്കുന്നു. ഇത് പരിധിയില്ലാത്ത നാടകമാണ് അത് ഓരോ അയ്യായിരം വർഷത്തിന് ശേഷവും ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ലക്ഷം വർഷങ്ങളുടെ കാര്യം ആർക്കും മനസ്സിലാക്കാൻ പോലും സാധിക്കില്ല. ഇതാണെങ്കിൽ ഇന്നലത്തെ കാര്യം പോലെയാണ്. നിങ്ങൾ ശിവാലയത്തിലായിരുന്നു, ഇന്ന് വേശ്യാലയത്തിലാണ് വീണ്ടും നാളെ ശിവാലയത്തിലാകും. സത്യയുഗത്തെയാണ് ശിവാലയമെന്ന് പറയുന്നത്, ത്രേതായെ സെമി(പകുതി) എന്നാണ് പറയുന്നത്. ഇത്രയും വർഷം അവിടെ കഴിയും. പുനർജന്മത്തിലേക്ക് വരിക തന്നെ വേണം. ഇതിനെയാണ് പറയുന്നത് രാവണ രാജ്യം. നിങ്ങൾ അര കൽപം പതിതമായി, ഇപ്പോൾ ബാബ പറയുന്നു ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞ് കൊണ്ടും കമല പുഷ്പ സമാനം പവിത്രമാകൂ. കുമാരൻമാരും–കുമാരിമാരും പവിത്രമാണ്. അവർക്ക് പിന്നീട് മനസ്സിലാക്കി കൊടുക്കുന്നു– ഇങ്ങനെയുള്ള ഗൃഹസ്ഥത്തിലേക്ക് വീണ്ടും പോകരുത് അതിലൂടെ പിന്നീട് പവിത്രമാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യേണ്ടി വരും. ഭഗവാനുവാചയാണ് പവിത്രമാകൂ, അപ്പോൾ പരിധിയില്ലാത്ത അച്ഛനെ മാനിക്കേണ്ടേ. നിങ്ങൾക്ക് ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും കമല പുഷ്പ സമാനം കഴിയാൻ സാധിക്കും. എന്തെന്നാൽ ബാബ 21 ജന്മത്തേക്ക് പതിമാകുന്നതിൽ നിന്ന് രക്ഷിക്കുന്നു. വീണ്ടും എന്തിനാണ് പതിതമാകുന്നതിനുള്ള ശീലം കുട്ടികൾ കൊണ്ട് വരുന്നത്. ഇതിൽ നാട്ടു നടപ്പും കുല മര്യാദകളെല്ലാം ഉപേക്ഷിക്കേണ്ടതായുണ്ട്. ഇതാണ് പരിധിയില്ലാത്ത കാര്യം. കുമാരൻമാർ ധാരാളം പേർ എല്ലാ ധർമ്മത്തിലും കഴിയുന്നുണ്ട് എന്നാൽ സുരക്ഷയോടെ കഴിയുക അൽപം ബുദ്ധിമുട്ടാണ്, രാവണ രാജ്യത്തിലല്ലേ കഴിയുന്നത്. വിദേശത്തും ഇങ്ങനെ ധാരാളം പേർ വിവാഹം കഴിക്കാറില്ല പിന്നീട് അവസാനം

കഴിക്കുന്നു കൂട്ടിന് വേണ്ടി. ക്രിമിനൽ ദൃഷ്ടിയോടെയല്ല കഴിക്കുന്നത്. ഇങ്ങനെയും ലോകത്തിൽ ധാരാളം പേരുണ്ട്. പൂർണ്ണമായും സംരക്ഷിക്കുന്നു പിന്നീട് എപ്പോഴാണോ മരിക്കുന്നത് അപ്പോൾ അവർക്കെന്തെങ്കിലും കൊടുത്ത് പോകുന്നു. കുറച്ച് ദാനധർമ്മത്തിന് നൽകുന്നു. ട്രസ്റ്റുണ്ടാക്കി പോകുന്നു. വിദേശത്തിൽ വലിയ-വലിയ ട്രസ്റ്റുകളുണ്ട് അവർ പിന്നീട് ഇവിടെ പോലും സഹായിക്കുന്നു. വിദേശത്തെ സഹായിക്കുന്ന തരത്തിലുള്ള ട്രസ്റ്റ് ഇവിടെ ഉണ്ടായിരിക്കില്ല. ഇവിടെ ദരിദ്രരായ ആളുകളാണുള്ളത്, അവരെന്ത് സഹായിക്കാനാണ്! അവിടെയാണെങ്കിൽ അവരുടെ പക്കൽ ധാരാളം പണമുണ്ട്. ഭാരതം ദരിദ്രമല്ലേ. ഭാരത വാസികളുടെ അവസ്ഥ എന്താണ്! ഭാരതം എത്ര കിരീടമുള്ളതായിരുന്നു, ഇന്നലത്തെ കാര്യമാണ്. സ്വയം പറയുന്നുണ്ട് മൂവായിരം വർഷങ്ങൾക്കു മുൻപ് സ്വർഗ്ഗമായിരുന്നു. ബാബ തന്നെയാണ് സ്ഥാപിക്കുന്നത്. നിങ്ങൾക്കറിയാം ബാബ എങ്ങനെയാണ് മുകളിൽ നിന്ന് താഴേക്ക് വരുന്നത് - പതിതരെ പാവനമാക്കുന്നതിന്. അതാണ് ജ്ഞാനത്തിന്റെ സാഗരൻ, പതിത-പാവനൻ, സർവ്വരുടെയും സദ്ഗതി ദാതാവ് അർത്ഥം സർവ്വരെയും പാവനമാക്കുന്നവൻ. നിങ്ങൾ കുട്ടികൾക്കറിയാം എന്റെ മഹിമ എല്ലാവരും പാടുന്നുണ്ട്. ഞാൻ ഇവിടെ പതിത ലോകത്തിൽ തന്നെയാണ് വരുന്നത് നിങ്ങളെ പാവനമാക്കുന്നതിന്. നിങ്ങൾ പാവനമായി മാറുകയാണെങ്കിൽ പിന്നീട് ആദ്യമാദ്യം പാവന ലോകത്തിൽ വരുന്നു. വളരെ സുഖം എടുക്കുന്നു പിന്നീട് രാവണ രാജ്യത്തിലേക്ക് വീഴുന്നു. പാടുന്നുണ്ട് പരമാത്മാവ് ജ്ഞാനത്തിന്റെ സാഗരനാണ്, ശാന്തിയുടെ സാഗരനാണ്, പതിത-പാവനനാണ്, എന്നാൽ പാവനമാക്കുന്നതിന് വേണ്ടി എപ്പോൾ വരും - ഇത് ആരും തന്നെ അറിയുന്നില്ല. ബാബ പറയുന്നു നിങ്ങൾ എന്റെ മഹിമ പാടുന്നില്ലേ. ഇപ്പോൾ ഞാൻ വന്നിരിക്കുന്നു നിങ്ങൾക്ക് എന്റെ പരിചയം നൽകിക്കൊണ്ടിരിക്കുന്നു. ഞാൻ ഓരോ അയ്യായിരം വർഷങ്ങൾക്ക് ശേഷവും ഈ സംഗമയുഗത്തിലാണ് വരുന്നത്, എങ്ങനെയാണ് വരുന്നത് അതും മനസ്സിലാക്കി തരുന്നു. ചിത്രവുമുണ്ട്. ബ്രഹ്മാവ് സൂക്ഷ്മ വതനത്തിലൊന്നുമല്ല ഉണ്ടായിരിക്കുക. ബ്രഹ്മാവ് ഇവിടെയാണ് ബ്രാഹ്മണരും ഇവിടെയാണ്, ബ്രഹ്മാവിനെയാണ് മുതു-മുത്തച്ഛനെന്ന് പറയുന്നത്, അവരുടെ കുലമാണ് പിന്നെയുണ്ടാകുന്നത്. മാനവ കുലത്തിന്റെ സൃഷ്ടി പ്രജാപിതാ ബ്രഹ്മാവിലൂടെയല്ലേ ഉണ്ടാകുക. ശരീരവംശിയാകുക സാധ്യമല്ല, തീർച്ചയായും ദത്തെടുക്കപ്പെട്ടതായിരിക്കും. മുതു-മുത്തച്ഛനാണെങ്കിൽ തീർച്ചയായും ദത്തെടുക്കപ്പെട്ടതായിരിക്കും. നിങ്ങളെല്ലാവരും ദത്തെടുക്കപ്പെട്ട കുട്ടികളാണ്. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരായിരിക്കുന്നു വീണ്ടും നിങ്ങൾക്ക് ദേവതയാകണം. ശൂദ്രനിൽ നിന്ന് ബ്രാഹ്മണൻ പിന്നീട് ബ്രാഹ്മണനിൽ നിന്ന് ദേവത, ഇത് കരണം മറിച്ചിലിന്റെ കളിയാണ്. വിരാട രൂപത്തിന്റെയും ചിത്രമില്ലേ. അവിടെ നിന്ന് എല്ലാവർക്കും തീർച്ചയായും ഇവിടെ വരണം. എപ്പോഴാണോ എല്ലാവരും വരുന്നത് അപ്പോൾ രചയിതാവും വരുന്നു. അവർ രചയിതാവും സംവിധായകനുമാണ്, അഭിനയിക്കുകയും ചെയ്യുന്നുണ്ട് ബാബ പറയുന്നു - അല്ലയോ ആത്മാക്കളെ നിങ്ങൾക്ക് എന്നെ അറിയാമോ. നിങ്ങൾ എല്ലാ ആത്മാക്കളും എന്റെ കുട്ടികളല്ലേ. നിങ്ങൾ ആദ്യം സത്യയുഗത്തിൽ ശരീരധാരിയായി എത്ര നല്ല സുഖത്തിന്റെ പാർട്ടഭിനയിച്ചു പിന്നീട് 84 ജന്മങ്ങൾക്ക് ശേഷം നിങ്ങൾ എത്ര ദുഃഖത്തിലേക്ക് വന്നിരിക്കുന്നു. നാടകത്തിന്റെ രചയിതാവും, സംവിധായകനും, നിർമ്മാതാവും ഉണ്ടായിരിക്കില്ലേ. ഇതാണ് പരിധിയില്ലാത്ത നാടകം. പരിധിയില്ലാത്ത നാടകത്തെ ആരും അറിയുന്നില്ല. ഭക്തിമാർഗ്ഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ പറയുന്നു അത് മനുഷ്യരുടെ ബുദ്ധിയിൽ അതുപോലെ ഇരുന്നുപോയിരിക്കുന്നു.

ഇപ്പോൾ ബാബ പറയുന്നു - മധുരമധുരമായ കുട്ടികളെ, ഇതെല്ലാം ഭക്തി മാർഗ്ഗത്തിലെ ശാസ്ത്രങ്ങളാണ്. ഭക്തി മാർഗ്ഗത്തിന്റെ സാമഗ്രികൾ ധാരാളമുണ്ട്, ഏതുപോലെ വിത്തിന്റെ സാമഗ്രിയായി വൃക്ഷമുള്ളത്, ഇത്രയും ചെറിയ വൃക്ഷത്തിൽ നിന്ന് വൃക്ഷം എത്രയധികമാണ് പന്തലിക്കുന്നത്. ഭക്തിക്കും ഇത്രയും വിസ്താരമുണ്ട്. ജ്ഞാനം അത് വിത്താണ്, അതിൽ യാതൊരു സാമഗ്രിയുടെയും ആവശ്യമില്ല. ബാബ പറയുന്നു സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ അല്ലാതെ ഉപവാസമോ വ്രതമോ ഒന്നുമില്ല. എല്ലാം അവസാനിക്കുന്നു. നിങ്ങൾക്ക് സദ്ഗതി ലഭിക്കും പിന്നീട് ഒരു കാര്യത്തിന്റെയും ആവശ്യമില്ല. നിങ്ങൾ തന്നെയാണ് വളരെയധികം ഭക്തി ചെയ്തിട്ടുള്ളത്. അതിന്റെ ഫലം നിങ്ങൾക്ക് നൽകുന്നതിന് വേണ്ടി വന്നിരിക്കുന്നു. ദേവതകൾ ശിവാലയത്തിലായിരുന്നില്ലേ, അതുകൊണ്ടല്ലേ ക്ഷേത്രത്തിൽ പോയി അവരുടെ മഹിമ പാടുന്നത്. ഇപ്പോൾ ബാബ മനസ്സിലാക്കി തരുന്നു - മധുര-മധുരമായ കുട്ടികളെ, ഞാൻ അയ്യായിരം വർഷങ്ങൾക്ക് മുൻപും നിങ്ങൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ടായിരുന്നു അതായത് സ്വയത്തെ ആത്മാവെന്ന് നിശ്ചയിക്കൂ. ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും ഉപേക്ഷിച്ച് ഒരേ ഒരു അച്ഛനായ എന്നെ ഓർമ്മിക്കൂ. ശിവബാബ പറയുന്നു ഞാൻ ഇവിടെ വന്നിരിക്കുന്നു. ആരുടെ ശരീരത്തിലാണ് വരുന്നത്, അതും പറഞ്ഞു തരുന്നു. ബ്രഹ്മാവിലൂടെ എല്ലാ വേദങ്ങളുടെയും-ശാസ്ത്രങ്ങളുടെയും സാരം നിങ്ങളെ കേൾപ്പിക്കുന്നു. ചിത്രവും കാണിക്കുന്നുണ്ട് എന്നാൽ അർത്ഥം മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു - ശിവബാബ എങ്ങനെയാണ് ബ്രഹ്മാ ശരീരത്തിലൂടെ എല്ലാ ശാസ്ത്രങ്ങൾ മുതലായവയുടെ സാരം കേൾപ്പിക്കുന്നത്. 84 ജന്മങ്ങളുടെ ഡ്രാമയുടെ രഹസ്യ

ത്തെയും നിങ്ങൾക്ക് മനസ്സിലാക്കി തരുന്നു. ഇദ്ദേഹത്തിന്റെ തന്നെ വളരെ ജന്മങ്ങളുടെ അന്തിമത്തിലാണ് വരുന്നത്. ഇദ്ദേഹം തന്നെയാണ് പിന്നീട് ആദ്യ നമ്പറിലെ രാജ കുമാരനാകുന്നത് പിന്നീട് 84 ജന്മങ്ങളി ലേക്ക് വരുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യമായ സാരം –

1) ഈ രാവണ രാജ്യത്തിൽ കഴിഞ്ഞും പതിത ലോകത്തിന്റെ ആചാരങ്ങളെയും കുല മര്യാദകളെയും ഉപേക്ഷിച്ച് ബാബയുടെ വാക്കുകൾ അനുസരിക്കണം, ഗൃഹസ്ഥ വ്യവഹാരത്തിൽ കമല പുഷ്പ സമാനം കഴിയണം.

2) ഈ വൈവിദ്ധ്യമാർന്ന വിരാട ലീലയെ നല്ല രീതിയിൽ മനസ്സിലാക്കണം, ഇതിൽ പാർട്ടഭിനയിക്കുന്ന ആത്മാവ് നിർല്ലേപമല്ല, നല്ലതോ മോശമോ ആയ കർമ്മം ചെയ്യുന്നു അതിന്റെ ഫലം നേടുന്നു, ഈ രഹ സ്യത്തെ മനസ്സിലാക്കി ശ്രേഷ്ഠ കർമ്മം ചെയ്യണം.

## വരദാനം – ബാബയുടെ സംസ്ക്കാരത്തെ തന്റെ ശരിയായ സംസ്ക്കാരമാക്കി മാറ്റുന്ന ശുഭഭാവനാ ശുഭകാമനാധാരിയായി ഭവിക്കട്ടെ.

ഇപ്പോൾ ചില കുട്ടികളിൽ മനോ വിചാരങ്ങളുടെ, മാറ്റി നിർത്തുന്നതിന്റെ, പരചിന്തനത്തിന്റെ അല്ലെങ്കിൽ കേൾക്കുന്നതിന്റെ ഭിന്നഭിന്ന സംസ്ക്കാരങ്ങളുണ്ട്, എന്ത് ചെയ്യാം ഇതെന്റെ സംസ്ക്കാരമാണ്... എന്ന് പ റയുന്നു. ഈ എന്റെ എന്ന വാക്ക് തന്നേയാണ് പുരുഷാർത്ഥത്തെ വൈകിപ്പിക്കുന്നു. ഇത് രാവണന്റേ താണ്, എന്റേതല്ല. എന്നാൽ എന്താണോ ബാബയുടെ സംസ്ക്കാരം അതാണ് ബ്രാഹ്മണരുടെ ശരിയാ യ സംസ്ക്കാരം. ആ സംസ്ക്കാരമാണ് വിശ്വകല്യാണക്കാരീ, ശുഭ ചിന്തനധാരീ. എല്ലാവരേ പ്രതിയും ശു ഭ ഭാവന, ശുഭകാമനാധാരി.

## സ്ലോഗൻ – ആരാണോ സമർത്ഥീ അവർ തന്നേയാണ് സർവ്വ ശക്തികളുടെ ഖജനാവി ന്റേയും അധികാരി.